**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4630 29.06.2012-ൽ മറുപടിയ്ക്ക്.

## ന്യൂനപക്ഷ വിഭാഗത്തിലെ വനിതകളുടെ ക്ഷേമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ : | ശ്രീ. മഞ്ഞളാംകുഴി അലി (മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമ വകുപ്പിൻ കീഴിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകളുടെ ക്ഷേമത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ? | 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കുടുംബശ്രീ മാതൃകയിൽ ന്യൂനപക്ഷ വനിതകളുടെ സ്വയംസഹായ സംഘങ്ങൾ (SHGs) തുടങ്ങുന്നതിന് 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്യപ്പെട്ട സ്വയം സഹായ സംഘങ്ങളിൽ 70% എങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വനിതകൾ പ്രവർത്തിക്കുന്നവയിൽ നിന്ന് പ്രോജക്ടുകൾ ക്ഷണിക്കുന്നതിനും അങ്ങനെ ലഭിക്കുന്ന പ്രോജക്ടുകൾ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടൻസ് പരിശോധിക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന പ്രോജക്ടുകൾക്ക് വേണ്ട പരിശീലനവും തുടർ പദ്ധതികൾക്കുള്ള പ്രാരംഭ ചെലവും പ്രോജക്ടുകളുടെ രീതിയനുസരിച്ച് നൽകുന്നതിനുള്ള പദ്ധതി ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ തയ്യാറാക്കി വരുന്നു. സപ്തധാര പദ്ധതിയിൽപ്പെടുത്തി വിവാഹമോചിതരും കഴിഞ്ഞ 5 വർഷമായി പുനർവിവാഹം ചെയ്യാത്തവരും സ്വന്തമായി കിടപ്പാടമില്ലാത്തവരും സർക്കാർ ജോലി വഴിയോ അല്ലാതെയോ സ്ഥിരവരുമാനം ഉള്ള ആൺമക്കളില്ലാത്തവരുമായ ന്യൂനപക്ഷ വനിതകൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ.